## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3424 — 14/07/2015-ൽ മറുപടിക്ക്

### അട്ടപ്പാടിയിൽ നവജാത ശിശുക്കളുടെ മരണം - എസ്. എം. വിജയാനന്ദ്, ഐ.എ.എസ് കമ്മിറ്റി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മാത്യു റ്റി.തോമസ് :<br>ശ്രീമതി.ജമീലാ പ്രകാശം :<br>ശ്രീ.ജോസ് തെറ്റയിൽ :<br>,, സി.കെ.നാണു : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | അട്ടപ്പാടിയിൽ നവജാത ശിശുക്കളുടെ മരണം തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവിടുത്തെ കാര്യങ്ങൾ നേരിട്ട് നിരീക്ഷിക്കുവാനും പ്രതിരോധ നടപടികൾ സ്വീകരിക്കാനുമായി എസ്.എം. വിജയാനന്ദ്, ഐ. എ. എസ്. -ന്റെ നേതൃത്വത്തിൽ കേന്ദ്ര സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) | അട്ടപ്പാടിയിൽ നവജാത ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ സ്ഥിതിഗതികൾ നിരീക്ഷിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുമായി മുൻകേന്ദ്രമന്ത്രി ശ്രീ. ജയറാംരമേശിന്റെ നിർദ്ദേശാനുസരണം അന്നത്തെ കേന്ദ്ര ഗ്രാമ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയായിരുന്ന ശ്രീ. എസ്.എം. വിജയാനന്ദിനെ കേന്ദ്ര സർക്കാർ നിയോഗിച്ചിരുന്നു. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | | |
| (സി) | പ്രസ്തുത കമ്മിറ്റിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ; | (സി) | ശ്രീ. എസ്.എം. വിജയാനന്ദ്, ഐ.എ.എസ്. കേന്ദ്ര സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സെക്രട്ടറിയായി നിയമിതനായതിനാലും, പ്രസ്തുത കമ്മിറ്റിയെ നിയോഗിച്ചത് മുൻകേന്ദ്ര സർക്കാരായതിനാലും പ്രസ്തുത കമ്മിറ്റി ഇപ്പോൾ നിലവിലില്ല. |
| (ഡി) | ഇത് സംബന്ധിച്ച് പ്രസ്തുത കമ്മിറ്റി കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; | (ഡി) & (ഇ) | ശ്രീ. എസ്.എം. വിജയാനന്ദ്, ഐ.എ.എസ്. കമ്മിറ്റി സംസ്ഥാന സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (ഇ) | എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ